**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4282** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഉത്തര കേരളത്തിലെ വ്യവസായ വികസനത്തിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഉത്തര കേരളത്തിലെ വ്യവസായ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഉത്തര കേരളത്തിലെ വ്യവസായ വികസനത്തിന് മാത്രമായി പ്രത്യേക പദ്ധതികൾ/നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനത്താകെയുള്ള വ്യവസായ വികസനത്തിന് വിവിധ പദ്ധതികൾ/ നടപടികളാണ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിൽ വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുകയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. സംസ്ഥാനത്താകെ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഉത്തര കേരളത്തിൽ ഉൾപ്പെടുന്ന ജില്ലകളിലെ സംരംഭകർക്കും പ്രയോജനപ്പെടുത്താവുന്നതാണ്. അതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി MSME ക്ലിനിക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകൾ ആയി മാറ്റുകയും അവിടെയെല്ലാം റിസോഴ്സ് പേഴ്സൺമാരെയും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാരെയും നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനായി എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ്മാരെ നിയമിച്ച് പ്രവർത്തനം |

നടത്തിവരുന്നു. ജില്ലാ- താലൂക്ക് തദ്ദേശസ്ഥാപന തലത്തിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിന് സഹായകമാകുന്നുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022-ലെ 19 ആം നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999 (2000 ലെ നിയമനം 5) ന്റെ ഭേദഗതി വഴി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് സംരംഭക വർഷം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി വടക്കൻ കേരളത്തിൽ ഉൾപ്പെടുന്ന ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 2022 ഏപ്രിൽ 1 മുതൽ 2025 വരെയുള്ള കാലയളവിൽ 145007 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിൻറെ ഭാഗമായി സംസ്ഥാനത്ത് 9653.99 കോടി രൂപയുടെ നിക്ഷേപവും 312532 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സംസ്ഥാനത്തെ വ്യവസായങ്ങൾ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ എം.എസ് .എം .ഇ -കളിൽ നിന്നും തെരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ -കളെ നാലുവർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങൾ ആക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി (മിഷൻ 1000) ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കാസർഗോഡ് ഇൻഡസ്ട്രിയൽ സ്പേസിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ

വികസന കോർപ്പറേഷന്റെ കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 8.48 ഏക്കർ ഭൂമി 10 വ്യവസായ സംരംഭങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. 7.68 ഏക്കർ ഭൂമിയ്ക്കായി 6 കമ്പനികളുടെ അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ഏർപ്പെടുത്തിയ ശേഷം ബാക്കി ഭൂമി അനുവദിക്കുന്നതാണ്. കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 9.098 ഏക്കർ ഭൂമിയിൽ 2 വ്യവസായ യൂണിറ്റുകൾക്കായി 1.068 ഏക്കർ അനുവദിച്ചു. ബാക്കിയുള്ള 38,365.18 ചതുരശ്രയടി ബിൽറ്റ്-അപ്പ് ഏരിയയിൽ 11,457.9 ചതുരശ്രയടി 2 വ്യവസായ യൂണിറ്റുകൾക്കായും അനുവദിച്ചിട്ടുണ്ട്. കുറ്റ്യാടി വ്യവസായ പാർക്കിൽ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

ഉത്തര കേരളത്തിൽ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയ്ക്ക് 7 വ്യവസായ പാർക്കുകളുണ്ട്. തലശ്ശേരി താലൂക്കിൽ, കുടാളി, പട്ടന്നൂർ ഗ്രാമങ്ങളിൽ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് സോൺ സ്കീമിന് കീഴിൽ കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്. രാമനാട്ടുകര അഡ്വാൻസ്ഡ് ടെക്നോളജി പാർക്കുമായി ബന്ധപ്പെട്ട് 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു റെഡി ടു മൂവ് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തീകരിച്ച് വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ വ്യവസായങ്ങൾക്കായി ഉദ്ഘാടനം ചെയ്തു. ഈ കാലയളവിൽ. അലോട്ട്മെന്റിന്റെ 90% പൂർത്തിയായി. കാസർഗോഡ് ജില്ലയിലെ സീതാംഗോളിയിൽ 21 ഏക്കർ ഭൂമിയാണ് കിൻഫ്ര പുതിയതായി ഏറ്റെടുത്തത്. കാസർഗോഡ് ഇൻഡസ്ട്രിയൽ പാർക്കിന്റെ വികസനത്തിനായിട്ടാണ് ഈ ഭൂമി വിനിയോഗിക്കുന്നത്.

ഖാദി വ്യവസായ മേഖലയിൽ, കാലാനുസൃതമായ ഡിസൈനുകൾ എളുപ്പത്തിൽ തയ്യാറാക്കാൻ സഹായിക്കുന്ന ഹാൻഡ് ലൂം ഇലക്ട്രോണിക് ജക്കാർഡ് മെഷീൻ പാപ്പിനിശ്ശേരി ഖാദി കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങി. ഖാദി വ്യവസായ മേഖലയിൽ ഉത്തര കേരളത്തിൽ 1592 വ്യവസായ യൂണിറ്റുകളും 2740 തൊഴിലവസരങ്ങളും പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 394 വ്യവസായ യൂണിറ്റുകളും 2331 തൊഴിലവസരങ്ങളും പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലായി 17 സ്വകാര്യ

വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 പാർക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ ഒരു ബഹുനില വ്യവസായ സമുച്ചയം (ഗാല) നിർമ്മിക്കുന്നതിനായി 3671 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ പുഴയ്ക്കപ്പാടത്ത് 141 ഏക്കർ ഭൂമി ഏക്കർ ഭൂമിയിൽ ഫേസ് - 1, ഫേസ് - II ഘട്ടങ്ങളിലായി ഏകദേശം 261.53 ച.അടി വിസ്തൃതിയിലുള്ള വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി സംരംഭകർക്ക് അനുവദിച്ച് വരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യസ സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്ന പദ്ധതി കൂടി നിലവിൽ വന്നിട്ടുണ്ട്. കാസർഗോഡ് മടിക്കൈ, കോഴിക്കോട് കട്ടിപ്പാറ, തൃശ്ശൂർ വരവൂർ എന്നീ വ്യവസായ വികസന ഏരിയ/പ്ലോട്ടുകൾ പ്രവർത്തനം ആരംഭിച്ചു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ വികസനത്തിനായി താഴെ സൂചിപ്പിക്കുന്ന പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കി വരുന്നു :

1. സംരംഭക സഹായ പദ്ധതി

2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി

3. മാർജിൻ മണി ഗ്രാന്റ് റ്റു നാനോ യൂണിറ്റ്സ്

4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

5. പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് സ്കീം

6. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി

7. കരകൗശല വിദഗ്ദർക്കുള്ള സഹായ പദ്ധതി.

8. ഒരു തദ്ദേശ സ്വയംഭരണം ഒരു ഉത്പന്നം പദ്ധതി

9.സ്റ്റാർട്ട്-അപ്പുകൾക്ക് മാനുഫാക്ചറിങ് പ്രവർത്തനങ്ങൾക്കായുള്ള സഹായ പദ്ധതി.

10. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ വ്യവസായങ്ങൾ - കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ് പദ്ധതി.

| | | | |
|---|---|---|---|
| | | | 11. സംരംഭകത്വ വികസന ക്ലബ്ബ്<br><br>ഉത്തര കേരളത്തിൽ കശുവണ്ടി മേഖലയിലെ പദ്ധതിയിൽ Revival Rejuvenation and Resurrection of Private Cashew Industry Sector പദ്ധതി പ്രകാരം 15 ലക്ഷം രൂപയും Scheme for Assistance Capital Grands and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost lively-hood പദ്ധതി പ്രകാരം 25 ലക്ഷം രൂപയും അനുവദിച്ചു. ആശ പദ്ധതി പ്രകാരം ഉത്തര കേരളത്തിൽ 3,84,468/- രൂപ ഈ സാമ്പത്തിക വർഷം വിതരണം ചെയ്തു. |
| (ബി) | നിലവിലെ സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി പ്രസ്തുത മേഖലയിലുണ്ടായ പുരോഗതികൾ വിശദമാക്കുമോ? | (ബി) | കേരളത്തിന്റെ വ്യവസായ വളർച്ച ലോകമാകെ ശ്രദ്ധ നേടിയിരിക്കുകയാണ്. രാജ്യത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ കേരളം ഒന്നാമത് എത്തിയതോടെ വൻകിട വ്യവസായങ്ങൾ സംസ്ഥാനത്തേക്ക് വരുന്ന സ്ഥിതി സംജാതമായി. മേൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലൂടെയും വ്യവസായ പാർക്കുകളിലൂടെയും നിരവധി ചെറുകിട, ഇടത്തരം വൻകിട വ്യവസായ സംരംഭങ്ങൾ ഈ പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ഉത്തരകേരളത്തിലെ വ്യാവസായിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞു ആയതിനനുസരിച്ച് വ്യവസായ നിക്ഷേപം ഉയരുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം | നിക്ഷേപം കോടി രൂപയിൽ | തൊഴിലവസരങ്ങൾ |
|---|---|---|---|
| പാലക്കാട് | 31199 | 1867.95 | 68542 |
| മലപ്പുറം | 33211 | 2231.18 | 76084 |
| കോഴിക്കോട് | 30504 | 2091.08 | 65886 |
| വയനാട് | 9581 | 714.89 | 20418 |
| കണ്ണൂർ | 27366 | 1868.46 | 55581 |
| കാസർഗോഡ് | 13146 | 879.8 | 26021 |
| **ആകെ** | **145007** | **9653.99** | **312532** |

സെക്ഷൻ ഓഫീസർ